# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3760

14.03.2017 — ൽ മറുപടിക്ക്

## റേഷൻകാർഡ് പട്ടികയിൽ ഉൾപ്പെടാത്തവരെ പരിഗണിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം വന്നതിനെ തുടർന്ന് വിവിധ കാരണങ്ങളാൽ ഒരു പട്ടികയിലും ഉൾപ്പെടാതെ പോയ കാർഡുടമകൾക്ക് റേഷൻ നിഷേധിക്കരുതെന്ന് നിർദ്ദേശിച്ചിരുന്നോ;<br><br>(ബി) പ്രസ്തുത വിഭാഗം ആൾക്കാർക്ക് റേഷൻ നിഷേധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) പട്ടികയിൽ ഉൾപ്പെടാത്തവരെ പരിഗണിച്ച് റേഷൻകാർഡ് നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും (സി) യും റേഷൻകാർഡ് അടിസ്ഥാനപ്രമാണമാക്കിയാണ് റേഷൻവിതരണ സംവിധാനം നടന്നുവരുന്നത്. ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാപട്ടിക തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ റേഷൻകാർഡിൽ പേരുള്ളവരും മുൻഗണനാപട്ടികയിൽ പെടാതെപോയവരുമായ എല്ലാ ആൾക്കാരും സ്വാഭാവികമായും മുൻഗണനേതര വിഭാഗത്തിൽ വരുന്നതാണ്. നിലവിലെ റേഷൻകാർഡ് റദ്ദ് ചെയ്തിട്ടില്ലാത്തതിനാലും, റേഷൻ വാങ്ങുന്നതിനും മറ്റെല്ലാ ആവശ്യങ്ങൾക്കും നിലവിലെ റേഷൻകാർഡ് ഉപയോഗിക്കാവുന്നതിനാലും റേഷൻകാർഡുള്ള ഒരാൾക്കും അർഹതയുണ്ടെങ്കിൽ റേഷൻ നിഷേധിക്കേണ്ട സാഹചര്യം നിലവിലില്ല.<br><br>കരട് മുൻഗണനാപട്ടിക ഗ്രാമസഭ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ റേഷൻകാർഡ് വിതരണം ഉടനെ തന്നെ ആരംഭിക്കുന്നതാണ്. റേഷൻകാർഡ് വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് റേഷൻകാർഡില്ലാത്തവർക്ക് റേഷൻകാർഡിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ